# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7112 — 16/07/2012 ൽ മറുപടിക്ക്

## ആർ.എം.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>,, കെ. അച്ചുതൻ:<br>,, ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ആർ.എം.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) 14 നും 18 നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കണ്ടറി വിദ്യാഭ്യാസം എന്നതാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം.<br>എല്ലാ സെക്കണ്ടറി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും മറ്റ് അവശ്യ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക;<br>ഓരോ 5 കിലോമീറ്ററിനുള്ളിൽ ഒരു ഹൈസ്കൂളെങ്കിലും, 7-10 കിലോമീറ്ററിനുള്ളിൽ ഒരു ഹയർ സെക്കണ്ടറി സ്കൂളെങ്കിലും സ്ഥാപിച്ചും ആവശ്യമായ യാത്രാ സൗകര്യങ്ങൾ ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നൽകിയും എല്ലാവർക്കും സ്കൂളിലെത്താനുള്ള സൗകര്യം ഒരുക്കുക;<br>സ്ത്രീ- പുരുഷ ജാതി-മത സാമ്പത്തിക, ശാരീരിക വൈകല്യവ്യത്യാസങ്ങളാൽ ഒരു കുട്ടി പോലും സ്കൂളിലെത്താതിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക;<br>സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായി പാഠ്യപദ്ധതി പരിഷ്ക്കരിക്കുക;<br>എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കണ്ടറി വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;<br>എന്നിവയും ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. |

(......2)

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നിർമ്മാണ ഏജൻസിയായി ആരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത് |
| സി) | ഇത് സംബന്ധിച്ച് ഓരോ സ്കൂളിനും എത്ര ലക്ഷം രൂപയാണ് നൽകുന്നത് ; വ്യക്തമാക്കുമോ ? | സി) | 58.12 ലക്ഷം രൂപയാണ് ഓരോ സ്കൂളിനും നൽകുന്നത് |

സെക്ഷൻ ഓഫീസർ